**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **2277/2018/ധന.** തിരുവനന്തപുരം, തീയതി **20.03.2018**

പരാമർശം - പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07.03.2018 ലെ എസ്3(ബി) 53963/2017/ഡി.പി.ഐ നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

ഇതുവരെ അദ്ധ്യാപകപരിശീലനം നേടിയിട്ടില്ലാത്തവർക്കും നിലവിൽ സേവനത്തിലിരിക്കുന്നവരുമായ എല്ലാ അദ്ധ്യാപകർക്കും 'ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ' (D.El.Ed.) എന്ന പരിശീലന യോഗ്യത നേടുന്നതിനുള്ള അവസരമൊരുക്കുകയും 10 ഡയറ്റ് സെന്ററുകളെ പേർസണൽ കോൺടാക്ട് പ്രോഗ്രാമിനുള്ള കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഡയറ്റ് സെന്ററുകൾക്കായി പ്രവർത്തനങ്ങൾക്ക് ആദ്യ തവണയായി ഒരു ടീച്ചർ ട്രെയിനിക്ക് 500/- (അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ കേരളത്തിനായി പ്രോഗ്രാമിന്റെ നോഡൽ ഓഫീസറായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ NIOS 3,30,500/- (മൂന്ന് ലക്ഷത്തി മുപ്പത്തിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ഈ തുക നോഡൽ ഓഫീസറിന്റെ പേരിൽ ഈ പ്രോഗ്രാമിനുവേണ്ടി പ്രത്യേകമായി തുടങ്ങുന്ന ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുമെന്നും NIOS അറിയിച്ചിട്ടുണ്ടെന്നും ഈ തുക കൈമാറുന്നതിനായി ദേശസാൽകൃത ബാങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാനുള്ള അനുമതിനൽകണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും,പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ മേൽ ആവശ്യത്തിനായിമാത്രം ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. CSS ഫണ്ടുകൾ കൈമറുന്നതുമായി ബന്ധപ്പെട്ട് 08.12.2014 ലെ സ.ഉ. (പി) നം. 533/2014/ധന ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (EDN-A) വകുപ്പ്
പൊതു വിദ്യാഭ്യാസ (D) വകുപ്പ് (e-file No: GEDN-D3/122/2017-G.EDN പ്രകാരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ